**POLICE** **DEPARTMENT**

**KERALA**

**No. G2(b)-57589/2014/EC**
സിറ്റി പോലീസ് ഓഫീസ് കൊച്ചി
cpekm.pol@kerala.gov.in
04842385000
തീയതി. 03-03-2017

**ലേലപ്പരസ്യം**

എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും തേവര പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിലും അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ്, പഞ്ഞി, അക്വേഷ എന്നീ മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് 08/11/2016 തീയ്യതിയിലെ ഇ2-3078/16 നമ്പർ ഉത്തരവ് പ്രകാരം അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി ലഭിച്ചിട്ടുള്ളതാണ്.

ടി ഉത്തരവ് പ്രകാരം പ്രസ്തുത മരങ്ങൾ 2017 മാർച്ച് മാസം 14 -)o തീയ്യതി 11 മണിക്ക് തേവര പോലീസ് ക്വാർട്ടേഴ്സിൽ വച്ച് ദർഘാസ് / ലേലം വഴി വിൽപ്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നേരിട്ട് ഹാജരാകേണ്ടതും ലേലം നടക്കുന്നതിന് ഒരു മണിക്കൂർ മുൻപ് നിരതദ്രവ്യമായി 2389/- രൂപ (രണ്ടായിരത്തി മുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്.

മേൽ പറഞ്ഞ മരങ്ങളുടെ ലേലത്തിൽ പങ്കുകൊള്ളുന്നതിനായി മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് അതായത് 13-)o തീയ്യതി 2 മണിവരെ കൊച്ചി സിറ്റി മേധാവിയുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും കൊച്ചി സിറ്റി മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യതുല്യമായ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനുമുകളിൽ " എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും തേവര പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിലും അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ്, പഞ്ഞി, അക്വേഷ എന്നീ മരങ്ങൾ ലേലത്തിനുള്ള ദർഘാസ്" എന്ന് പ്രത്യേകം എഴുതേണ്ടതാണ്.

ലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകയ്ക്ക് ലേലം താത്കാലികമായി ഉറപ്പിക്കുകയും ലേലം / ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലം കൊണ്ടയാൾ അടച്ച് രശീത് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. ബാക്കി തുക നികുതികൾ ഉൾപ്പെടെ ( 12.5 % വാറ്റ്, 5% വന വികസന നികുതി ) ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയ്യതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദത്തിലും മരങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടിനyയാൾ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ട്ം മുൻ ലേലക്കാരനിൽ നിന്നും ഈടക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയ്യതിക്കു മുൻപുള്ള മൂന്ന് പ്രവത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ജില്ലാ പോലീസ് മേധാവിയുടെയോ / കമാണ്ടന്റിന്റെയോ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം / ദർഘാസ് സ്ഥിരപ്പെടുത്തുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

ദിനേശ് എം.പി. ഐ.പി.എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1).എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമാണ്ടന്റമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 2) കൊച്ചി സിറ്റി സായുധ സേനാ വിഭാഗം കമാണ്ടന്റിനും, കൊച്ചി സിറ്റി ഭരണ വിഭാഗം പോലീസ് ഡെപ്യൂട്ടി കമ്മീഷണർക്കും അനന്തരനടപടികൾക്കായി. 3) സി.എ. ടു ഡി സി പി. 4) ജി 2(ബി) സ്റ്റോക്ക് ഫയലിലേക്ക്. 5) നോട്ടീസ് ബോർഡ്. ബി 1 സെക്ഷന് അനന്തരനടപടികൾക്കായി. |
| പകർപ്പ് | : | കൊച്ചി സിറ്റിയിലെ എല്ല പോലീസ് ഓഫീസർമാർക്കും ആറിവിലേക്കും വ്യാപക പരസ്യത്തിനുമായി. |

Internal Administrative Processing System
iAPS
KERALA POLICE